**പതിമൂന്നാം കേരള നിയമസഭ**

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## ഇരുപത്തിനാലാമത് റിപ്പോർട്ട്

(2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (1996-1998)യുടെ ഒൻപതാമത് റിപ്പോർട്ടിലെ (ഗുരുവായൂർ ടൗൺഷിപ്പിലെ മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

**ഇരുപത്തിനാലാമത് റിപ്പോർട്ട്**

(2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (1996-1998)യുടെ ഒൻപതാമത് റിപ്പോർട്ടിലെ (ഗുരുവായൂർ ടൗൺഷിപ്പിലെ മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

74/2016.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| അദ്ധ്യായം I : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം | .. | 1 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. പി. മുഹമ്മദ്

<u>അംഗങ്ങൾ</u> :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

## മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം ഇരുപത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ഡിസംബർ മാസം 15-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

# റിപ്പോർട്ട്

## അദ്ധ്യായം I

പത്താം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (1996-1998)-യുടെ ഒൻപതാമത് റിപ്പോർട്ട് (ഗുരുവായൂർ ടൗൺഷിപ്പിലെ മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച്) 1997 ഡിസംബർ മാസം 22-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. ഗുരുവായൂർ ടൗൺഷിപ്പിലെ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സഹായകരമെന്ന് സമിതിക്ക് ബോധ്യപ്പെട്ട 15 ശിപാർശകളാണ് പ്രസ്തുത റിപ്പോർട്ടിലൂടെ സമിതി വിവിധ സർക്കാർ വകുപ്പുകൾക്ക് നൽകിയത്. സമിതിയുടെ ശിപാർശകളിന്മേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതി 12-5-1998-ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചു കൊടുക്കുകയുണ്ടായി.

2. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ റവന്യൂ (ദേവസ്വം), തദ്ദേശസ്വയംഭരണം, ജലവിഭവം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന പത്രികകൾ സമിതിക്ക് ലഭ്യമാക്കിയതിനെ തുടർന്ന് സമിതി അവ വിശദമായി പരിശോധിക്കുകയുണ്ടായി. ഇതു സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം

### (1) ഖണ്ഡിക 4-ലെ ശിപാർശ

ഗുരുവായൂരിൽ 3.50 എം.എൽ.ഡി. ശുദ്ധജലം ആവശ്യമുണ്ടെന്നും ഇപ്പോൾ 1 മുതൽ 1.50 എം.എൽ.ഡി. വെള്ളമാണ് വിതരണം ചെയ്യാൻ കഴിയുന്നതെന്നും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ സമിതിയിൽ വെളിപ്പെടുത്തി. ശബരിമല ദർശനത്തിനെത്തുന്ന ഭക്തജനങ്ങളിൽ 40% പേർ ഗുരുവായൂരും സന്ദർശിക്കാറുണ്ട്. ആ കാലയളവിൽ കൂടുതൽ ശുദ്ധജലം ആവശ്യമായി വരും. ഈ പരിതസ്ഥിതികൂടി കണക്കിലെടുത്ത് ആവശ്യമായ ശുദ്ധജലം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ജലവിതരണ സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 20229/സി1/14/ജവിവ. തീയതി 27-11-2014)

കേന്ദ്ര സർക്കാരിന്റെ UIDSSMT പദ്ധതിയിൽ ഉൾപ്പെടുത്തി ഗുരുവായൂർ ചാവക്കാട് മുനിസിപ്പാലിറ്റികൾക്ക് പ്രയോജനം ലഭിക്കുന്ന വിധത്തിൽ ഒരു ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനം ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. ഈ പദ്ധതി

പൂർത്തിയാകുന്നതോടുകൂടി പ്രതിദിനം 7 ദശലക്ഷം ലിറ്റർ ശുദ്ധജലം ഗുരുവായൂർ മുനിസിപ്പൽ പ്രദേശത്ത് വിതരണം ചെയ്യാൻ സാധിക്കുന്നതാണ്. ഈ പദ്ധതി 2015 മാർച്ച് 31-ന് കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

(മറുപടി 14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(2) ഖണ്ഡിക 5-ലെ ശിപാർശ

സ്വാഭാവികമായ ശുദ്ധജലവും ശുദ്ധവായുവും അപ്രാപ്യമാക്കുന്ന നഗര മുഖത്തിലെ മാലിന്യങ്ങളുടെ കണക്ക് അമ്പരിപ്പിക്കുന്നതാണ്. ഒരു സാധാരണ ദിവസം 40 ടൺ മാലിന്യമാണ് ഗുരുവായൂരിൽ ഉണ്ടാകുന്നത്. ശബരിമല സീസണിലും വിവാഹസീസണിലും 100 ടണ്ണിലേറെ മാലിന്യങ്ങൾ ഉണ്ടാകുന്നു. ഗുരുവായൂരിൽ ഏകദേശം അൻപതോളം ആനകൾ ഉണ്ട്. അവയുടെ പിണ്ഡങ്ങൾ തന്നെ വലിയ മലിനീകരണത്തിന് കാരണമാകുന്നു. ഇത്തരം ഖരമാലിന്യങ്ങൾ ആധുനിക സംസ്കരണ സംവിധാനം ഉപയോഗിച്ച് ജൈവവളമാക്കി മാറ്റാൻ കഴിയുന്ന സാങ്കേതികവിദ്യകൾ ഇന്ന് നിലവിൽ ഉണ്ട്. എക്സൽ എന്ന കമ്പനിയുടെ സഹായത്താൽ ഇത് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 53320/ജി3/06/തസ്വഭവ. തീയതി 28-3-2007)

ഗുരുവായൂർ നഗരസഭയിൽ നിലവിൽ മാലിന്യ ശേഖരണത്തിനും നഗരം വൃത്തിയാക്കുന്നതിനും വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ള 51 കണ്ടിൻജന്റ് ജീവനക്കാർക്ക് പുറമെ കുടുംബശ്രീയുടെ 3 യൂണിറ്റുകൾ വഴിയും, മാലിന്യം വ്യാപാരസ്ഥാപനങ്ങളിൽ നിന്നും കല്യാണമണ്ഡപങ്ങളിൽ നിന്നും ഹോട്ടലുകളിൽ നിന്നും മറ്റുമായി ശേഖരിച്ച് വരുന്നു. കൂടാതെ മണ്ഡല-മകരവിളക്ക് സമയത്തെ അഭൂതപൂർവ്വമായ ഭക്തജനപ്രവാഹം കണക്കിലെടുത്ത് സർക്കാരിന്റെ പ്രത്യേക അനുമതിയോടെ എഴുപതോളം ശുചീകരണ തൊഴിലാളികളേയും ആവശ്യമായ സൂപ്പർവൈസറി ജീവനക്കാരേയും പ്രത്യേകം നിയമിച്ച് 24 മണിക്കൂറും ശുചീകരണം നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തി വരുന്നുണ്ട്.

നഗരസഭയിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊടുങ്ങല്ലൂരിലെ സേഫ് മോട്ടോഴ്സ് എന്ന കമ്പനിയുടെ മാലിന്യസംസ്കരണ പ്ലാന്റ് 1999-ൽ സ്ഥാപിച്ചിരുന്നുവെങ്കിലും ആയത് ഇപ്പോൾ പ്രവർത്തനക്ഷമമല്ല. ആയതിനാൽ മാലിന്യങ്ങൾ ഇപ്പോൾ നഗരസഭയ്ക്ക്

സ്വന്തമായുള്ള ചൂൽപ്പുറത്തെ 2.8 ഏക്കർ സ്ഥലത്തെ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ നിക്ഷേപിച്ചു വരുകയാണ്. മാലിന്യസംസ്കരണത്തിന് ആധുനിക രീതിയിലുള്ള ശാസ്ത്രീയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് പാലക്കാട് കേന്ദ്രമായി പ്രവർത്തിക്കുന്നതും സംസ്ഥാന സർക്കാർ മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മാണത്തിന് അംഗീകരിച്ചിട്ടുള്ള ഏജൻസിയുമായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററു (IRTC)മായി ബന്ധപ്പെടുകയും ഡോ. ആർ. വി. ജി. മേനോന്റെ നേതൃത്വത്തിൽ IRTC-യിലെ ശാസ്ത്രജ്ഞൻമാർ സ്ഥലം സന്ദർശിക്കുകയും ഗുരുവായൂരിന്റെ പ്രത്യേകമായ മാലിന്യസംസ്കരണ പ്രശ്നങ്ങൾ മനസ്സിലാക്കിയതിനുശേഷം മാലിന്യസംസ്കരണത്തിന് ആധുനിക സംവിധാനം ഏർപ്പെടുത്താൻ തയ്യാറാണെന്ന് അറിയിക്കുകയുമുണ്ടായി. തുടർന്ന് 27-1-2007-ൽ ചേർന്ന നഗരസഭ കൗൺസിൽ യോഗം ഗുരുവായൂരിൽ മാലിന്യസംസ്കരണത്തിന് ആധുനിക സംവിധാനം ഏർപ്പെടുത്തുന്നതിന് IRTC-യെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

മാലിന്യസംസ്കരണത്തിന് ആധുനിക സംവിധാനം ഏർപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ നോഡൽ ഏജൻസിയായ ക്ലീൻ കേരള മിഷൻ നഗരസഭയ്ക്ക് 35 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആവശ്യമായ അധിക ഫണ്ട് കണ്ടെത്തുന്നതിന് നഗരസഭ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് എന്നുള്ള വിവരവും IRTC-യുടെ പ്രോജക്ടിന് സംസ്ഥാന നോഡൽ ഏജൻസിയായ ക്ലീൻ കേരള മിഷനിൽ നിന്നും അംഗീകാരം കിട്ടുന്നമുറയ്ക്ക് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണെന്നും റിപ്പോർട്ട് ചെയ്യുന്നു.

(സർക്കാർ മറുപടി 30-9-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(3) ഖണ്ഡിക 6-ലെ ശിപാർശ

ഖരമാലിന്യങ്ങൾ സമാഹരിക്കുന്നതിന് ആവശ്യമായ വാഹനങ്ങൾ മുനിസിപ്പാലിറ്റിക്കില്ലെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ ആവശ്യമായ വാഹനങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം അടിയന്തരമായി മുനിസിപ്പാലിറ്റിക്ക് ലഭ്യമാക്കണമെന്നും ഗുരുവായൂരിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഈ മുനിസിപ്പാലിറ്റി ഒരു ഒന്നാം ഗ്രേഡ് മുനിസിപ്പാലിറ്റിയാക്കി മാറ്റണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62598/ഡിസി1/14/തസ്വഭവ. തീയതി 6-3-2015)

ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിന് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 3 ട്രാക്ടറുകൾ കുടുംബശ്രീ സാനിറ്റേഷൻ ഗ്രൂപ്പുകൾ വാങ്ങി ഉപയോഗിച്ചു വരുന്നുണ്ട്.

നഗരസഭയിൽ നിലവിലുണ്ടായിരുന്ന 2 ട്രാക്റ്ററുകളും ഉപയോഗിച്ച് വരുന്നുണ്ട്. 11-2-2013-ലെ സ.ഉ. (സാധാ.) 372/2012/തസ്വഭവ. പ്രകാരം ഗുരുവായൂർ നഗരസഭയെ ഒന്നാം ഗ്രേഡ് മുനിസിപ്പാലിറ്റിയാക്കി മാറ്റിയിട്ടുണ്ട്.

(30-9-2015-ലെ സമിതിയോഗം മറുപടി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(4) <u>ഖണ്ഡിക 8-ലെ ശിപാർശ</u>

കോടിക്കണക്കിന് ജനങ്ങൾ വന്നുപോകുന്ന ഗുരുവായൂരിൽ തീർത്ഥാടകരുടെ ആവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള പൊതുകക്കൂസുകൾ/കംഫർട്ട് സ്റ്റേഷനുകൾ അപര്യാപ്തമാണ്. അതിനാൽ വിസർജ്ജ്യമാലിന്യങ്ങൾ റോഡ് വശങ്ങളിലോ, വെള്ളം കെട്ടി നിൽക്കുന്ന ചാലുകളിലോ നിക്ഷേപിക്കുന്നതുമൂലം അവ നശിക്കാതെ അവയിൽ നിന്നും സാംക്രമിക്കുന്ന രോഗാണുക്കൾ നഗരവാസികളുടെ ആരോഗ്യസ്ഥിതിയെ സാരമായി ബാധിക്കുന്നതായി സമിതി യോഗത്തിൽ സന്നിഹിതരായിരുന്ന നഗരവാസികൾ വെളിപ്പെടുത്തി. ഈ ദുരവസ്ഥ തടയുന്നതിനായി തീർത്ഥാടകരുടെയും വിനോദസഞ്ചാരികളുടെയും ഉപയോഗത്തിന് കൂടുതൽ പൊതുകക്കൂസുകൾ അനുയോജ്യമായ സ്ഥലങ്ങളിൽ സർക്കാർ, മുനിസിപ്പാലിറ്റി, ദേവസ്വം ബോർഡ് എന്നിവരുടെ ഉടമസ്ഥതയിൽ പണിത് ലാഭേച്ഛ കൂടാതെ പ്രവർത്തിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) തദ്ദേശസ്വയംഭരണ വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62598/ഡിസി1/14/തസ്വഭവ. തീയതി 6-3-2015)

ഗുരുവായൂർ നഗരസഭയുടെ ഉടമസ്ഥതയിൽ തീർത്ഥാടകരുടെയും വിനോദസഞ്ചാരികളുടേയും ഉപയോഗത്തിനായി താഴെ ചേർത്തിട്ടുള്ള സ്ഥലങ്ങളിൽ പൊതുകക്കൂസുകൾ ഏർപ്പെടുത്തിയിട്ടുണ്ട്:

| | |
|---|---|
| മുനിസിപ്പാലിറ്റി ബസ് സ്റ്റാന്റ് | .. 32 കക്കൂസുകൾ |
| അമ്പാടി പാർക്കിംഗ് ഗ്രൗണ്ട് | .. 10 കക്കൂസുകൾ |
| അഗതി മന്ദിരത്തിനെതിർവശമുള്ള മുനിസിപ്പൽ പാർക്കിംഗ് ഗ്രൗണ്ട് | .. 25 കക്കൂസുകൾ |
| ആകെ | .. 67 കക്കൂസുകൾ |

(മറുപടി 30-9-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (ബി) റവന്യൂ (ദേവസ്വം) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 45578/ദേവ 2/2014/ആർഡി. തീയതി 16-9-2014)

ഗുരുവായൂർ ദേവസ്വം തെക്കേ നടയിൽ പാഞ്ചജന്യത്തിന് സമീപത്തും ക്ഷേത്രത്തിനടുത്തായി കിഴക്കേ നടയിലും, തീർത്ഥാടകരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്ന വേണുഗോപാൽ പാർക്കിംഗ് ഗ്രൗണ്ടിലും കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ മണ്ഡല-മകരവിളക്ക് തീർത്ഥാടന കാലത്ത് താൽക്കാലിക ശൗചാലയങ്ങൾ സ്ഥാപിച്ചു പ്രവർത്തിക്കാറുണ്ട്. പടിഞ്ഞാറെ നടയിലുണ്ടായിരുന്ന കംഫർട്ട് സ്റ്റേഷന്റെ സൗകര്യങ്ങൾ വിപുലീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഈ കംഫർട്ട് സ്റ്റേഷനുകളിലെല്ലായിടത്തുമായി തീർത്ഥാടകരുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ പര്യാപ്തമായ സൗകര്യങ്ങൾ നിലവിൽ ലഭ്യമാണ്. വർദ്ധിച്ചുവരുന്ന ഭക്തജന തിരക്ക് കണക്കിലെടുത്ത് കൂടുതൽ സൗകര്യങ്ങൾ ആവശ്യമുണ്ടാകുന്നപക്ഷം ആയത് സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ഗുരുവായൂർ ദേവസ്വം ആക്റ്റിന്റെ പരിധിയിൽ നിന്ന് കൊണ്ട് ദേവസ്വം നടപ്പിൽ വരുത്തുന്നതാണ്.

(19-11-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(5 &6) 9, 16 എന്നീ ഖണ്ഡികകളിലെ ശിപാർശകൾ

9. ഗുരുവായൂരിൽ വരുന്ന ഭക്തജനങ്ങളുടെ വർദ്ധനവിന് അനുസരിച്ച് ലോഡ്ജുകൾ, ഹോട്ടലുകൾ, ഫ്ലാറ്റുകൾ എന്നിവയും വർദ്ധിച്ചുവരുന്നു. ഒരു പരിധിവരെ വർദ്ധിച്ചുവരുന്ന ലോഡ്ജുകൾ, ഹോട്ടലുകൾ മുതലായവ ഗുരുവായൂരിലെ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയുടെ മാറ്റത്തിന് കാരണമായിട്ടുണ്ട്. ഭക്തജന സൗകര്യാർത്ഥം വന്നുചേരുന്ന ഈ വികസനങ്ങൾ നമുക്കൊഴിച്ചുകൂടാനാവാത്തതാണ്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾമൂലമുണ്ടാകുന്ന മലിനീകരണം തടയുന്നതിന് വ്യക്തമായ ഒരു പദ്ധതി ആവശ്യമാണ്. ഇവയിൽ നിന്നും പുറത്തേക്ക് പ്രവഹിക്കുന്ന മലിനവസ്തുക്കളും മലിനജലവും ആധുനികശാസ്ത്രീയ സംവിധാനം ഉപയോഗിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടത് അത്യാവശ്യമാണെന്ന് സമിതി ഊന്നിപ്പറയുന്നു.

16. ടൗൺഷിപ്പ് പ്രദേശത്തുള്ള സ്വീവേജിൽ ഗണ്യമായ ഒരു ഭാഗം ഇപ്പോൾ കനോലി കനാൽ വഴി കായലിലേക്ക് എത്തുകയാണ് ചെയ്യുന്നത്. ഗുരുവായൂർ ഡ്രെയിനേജ് സ്കീമിന്റെയും അനുബന്ധ സ്വീവേജ് സംസ്കരണ പ്ലാന്റിന്റെയും പണികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കേണ്ടതുണ്ടെന്ന് സമിതി എടുത്തു പറയുന്നു. എന്നാൽ മാത്രമേ ഈ പ്രദേശത്തെ ജലാശയങ്ങൾ മലിനമാകുന്നത് തടയുവാൻ സാധിക്കൂ.

<u>സർക്കാർ സ്വീകരിച്ചനടപടി</u>

**ജലവിഭവ (ജലവിതരണ സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 20229/സി1/14/ജവിവ. തീയതി 27-11-2014)

3 ദശലക്ഷം ശേഷിയുള്ള ഗുരുവായൂർ അഴുക്കുചാൽ പദ്ധതിയുടെ പണികൾ പുരോഗതിയിലാണ്. മാലിന്യം ശേഖരിക്കുന്നതിനുള്ള കിണറുകൾ, സംസ്കരണശാല, കിണറിൽനിന്നും സംസ്കരണശാലയിലേക്കുള്ള പമ്പിംഗ് മെയിൻ യന്ത്രസാമഗ്രികൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൈപ്പ്ലൈനിന്റെ പണികൾ 70 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. മേൽപ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടുകൂടി മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരമാകും. പദ്ധതി 2015 മാർച്ച് മാസത്തിൽ കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

(മറുപടി 14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(7) <u>ഖണ്ഡിക 10-ലെ ശിപാർശ</u>

പല ലോഡ്ജുകളിലെയും കക്കൂസുകൾക്ക് സെപ്റ്റിക് ടാങ്കില്ലെന്നും മാലിന്യങ്ങൾ വലിയ തോട്ടിലേക്കൊഴുക്കി വിടുന്നതായും സമിതിക്ക് കാണാൻ കഴിഞ്ഞു. ഇങ്ങനെ ഒഴുക്കിവിടുന്നത് ഒരു തരത്തിലും അനുവദിക്കരുതെന്നും ഇതു ലംഘിക്കുന്നവർക്കെതിരെ കർശനശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ലോഡ്ജുകളിലും വീടുകളിലും സെപ്റ്റിക് ടാങ്ക് നിർബന്ധമായും വേണമെന്ന് സമിതി നിർദ്ദേശിക്കുന്നു. സെപ്റ്റിക് ടാങ്കുകളിലെ അവശിഷ്ടം കാലാകാലങ്ങളിൽ മാറ്റുന്നതിന് ആവശ്യമായ സംവിധാനം നിർബന്ധമായും നടപ്പിലാക്കണം. സെപ്റ്റേജ് നീക്കം ചെയ്യുന്നതിനുവേണ്ടി ടാങ്കർ ലോറികൾ വാങ്ങുന്നതിന് ആവശ്യമായ പണം ഗുരുവായൂർ മുനിസിപ്പാലിറ്റിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62598/ഡിസി1/14/തസ്വഭവ. തീയതി 6-3-2015)

ഗുരുവായൂർ നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ ലോഡ്ജുകൾക്കും സെപ്ടിക് ടാങ്ക് അല്ലെങ്കിൽ സെപ്റ്റേജ് സംസ്കരണ പ്ലാന്റ് ഉണ്ട് എന്ന് ഉറപ്പുവരുത്തിയ ശേഷമേ ലൈസൻസ് അനുവദിക്കുന്നുള്ളൂ. കൂടാതെ പുതിയതായി വീട് നിർമ്മിക്കുമ്പോൾ സെപ്റ്റിക് ടാങ്കോടുകൂടിയ കക്കൂസ് ഉണ്ട് എന്ന് ഉറപ്പുവരുത്തുന്നുണ്ട്.

സെപ്റ്റിക് ടാങ്ക് അവശിഷ്ടങ്ങൾ കാലാകാലങ്ങളിൽ മാറ്റുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താത്തതിനാൽ സെപ്റ്റേജ് നീക്കം ചെയ്യുന്നതിനുവേണ്ടി ടാങ്കർ ലോറികൾ വാങ്ങിയിട്ടില്ല. സെപ്റ്റിക് ടാങ്ക് മാലിന്യങ്ങൾ കാനകളിലേക്കും തോട്ടിലേക്കും ഒഴുക്കിവിടുന്നവർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഗുരുവായൂർ അഴുക്കുചാൽ പദ്ധതി പ്രകാരം സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചുകഴിഞ്ഞു. ചക്കംകണ്ടത്ത് പണി പൂർത്തിയാക്കിയിട്ടുള്ള മലിനജലസംസ്കരണ പ്ലാന്റ് മലിനജലം കൊണ്ടുപോകുന്നതിനുള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാഞ്ഞതിനാൽ പ്രവർത്തനക്ഷമ മായിട്ടില്ല. പ്രവർത്തനക്ഷമമാകുന്നതോടെ സെപ്റ്റേജ് മാലിന്യംകൂടി അവിടെ സംസ്കരിക്കുന്നതിന് നടപടി കൈക്കൊള്ളാവുന്നതാണ്. കേരള വാട്ടർ അതോറിറ്റിയാണ് ഇതിന്റെ നിർവ്വഹണ ഏജൻസി. പദ്ധതി കമ്മീഷൻ ചെയ്താൽ സെപ്റ്റേജ് പ്രശ്നത്തിന് പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു. അതിനോടൊപ്പം ആവശ്യമുള്ളപക്ഷം സെപ്റ്റേജ് നീക്കം ചെയ്യാനുള്ള ടാങ്കർ ലോറികൾ നഗരസഭയെക്കൊണ്ട് വാങ്ങിപ്പിക്കാനും നടപടി സ്വീകരിക്കുന്നതാണ്.

(മറുപടി 30-9-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(8) <u>ഖണ്ഡിക 11-ലെ ശിപാർശ</u>

നഗരത്തിലെ സ്വകാര്യ ആശുപത്രികളും നഗരത്തെ മലിനമാക്കുന്നതിൽ ചെറുതല്ലാത്ത പങ്ക് വഹിക്കുന്നുണ്ട്. ഇത് തടയുന്നതിന് ആശുപത്രികളിൽ ഇൻസിനറേറ്ററുകൾ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62598/ഡിസി1/14/തസ്വഭവ. തീയതി 6-3-2015)

ഗുരുവായൂരിൽ 2 ആശുപത്രികളാണുള്ളത്. ഈ ആശുപത്രികളിൽ നിന്നും, പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നുമുള്ള ബയോമെഡിക്കൽ മാലിന്യങ്ങൾ "IMAGE" ശേഖരിച്ച് പൊതുസംസ്കരണ കേന്ദ്രത്തിൽ എത്തിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം "IMAGE"മായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾക്ക് മാത്രമാണ് നഗരസഭ ലൈസൻസ് നൽകി വരുന്നത്.

(മറുപടി 30-9-2015-ലെ സമിതിയോഗം മറുപടി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(9 &10) ഖണ്ഡിക 12, 13 എന്നിവയിലെ ശിപാർശകൾ

12. വളരെക്കാലം മുതൽ ഗുരുവായൂരിലെ ഒരു പ്രധാന അഴുക്കുചാലാണ് വിവിധ വാർഡുകളിലൂടെ കടന്നുപോകുന്ന വലിയ തോടെന്നറിയപ്പെടുന്ന കനോലികനാൽ. ഈ തോട് മണ്ണിടിഞ്ഞ് നീരൊഴുക്കില്ലാത്ത അവസ്ഥയിലാണ്. ലോഡ്ജുകളിൽ നിന്നും ഹോട്ടലുകളിൽ നിന്നുമെല്ലാം പുറംതള്ളുന്ന മാലിന്യങ്ങളെല്ലാം ഓടകൾവഴി ഈ വലിയ തോട്ടിലെത്തുന്നു. ദിനംപ്രതി ഗുരുവായൂരിൽ കുമിഞ്ഞുകൂടുന്ന ടൺ കണക്കിന് മാലിന്യങ്ങൾ അടിഞ്ഞുകൂടി വലിയ തോടിന്റെ പരിസരങ്ങളെല്ലാം ദുർഗന്ധപൂരിതമാണ്. സുഗമമായ നീരൊഴുക്കില്ലാത്തതിനാൽ മലിനജലം കെട്ടിക്കിടന്ന് ചിലയിടങ്ങളിൽ കൃഷി നശിക്കാനിടയാകുന്നതായും, തോടിന്റെ ഇരുകരകളിലുമുള്ള കിണറുകളിലെ ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ തോത് വളരെ ഉയർന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. അതിനാൽ തോടിന്റെ പാർശ്വഭിത്തി കെട്ടിയും തോട് വൃത്തിയാക്കി ആഴംകൂട്ടിയും ജലം സുഗമമായി ഒഴുകിപ്പോകുന്നതിനുള്ള സംവിധാനം എത്രയും പെട്ടെന്ന് നടപ്പാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

'വെള്ളപ്പൊക്ക നിയന്ത്രണ പണികൾ' എന്ന വിഭാഗത്തിൽ ഉൾക്കൊള്ളിച്ച് ഭരണാനുമതി നൽകിയെങ്കിലും വലിയ തോടിന്റെ പുനരുദ്ധാരണത്തിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. തോടിന്റെ പുനരുദ്ധാരണം അത്യന്താപേക്ഷിതമാകയാൽ റിഅപ്രോപ്രിയേഷൻ വഴി തുക കണ്ടെത്തി എത്രയും പെട്ടെന്ന് തോടിന്റെ പുനരുദ്ധാരണ പണി തീർക്കണമെന്ന് സമിതി ശക്തിയായി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 18460/ഐ.ആർ2/15/ജവിവ. തീയതി 18-8-2015)

ഗുരുവായൂർ ഉപരിതല ജലനിർഗ്ഗമനം പദ്ധതിക്കുവേണ്ടി സർക്കാർ 63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഗുരുവായൂരിൽക്കൂടി ഒഴുകുന്ന വലയതോടിന്റെ പുനരുദ്ധാരണ ജോലികൾക്കാണ് ഈ തുക അനുവദിച്ചത്. ഇതിനിടയ്ക്ക് ഗുരുവായൂരിന്റെ വികസനത്തിന്റെ ഭാഗമായുള്ള ഗുരുവായൂർ ഡ്രെയിനേജ് പദ്ധതി മുഖാന്തിരം വലിയതോട്ടിൽ കണ്ടുവരുന്ന മലിനജലം പൈപ്പുവഴി ചക്കംകണ്ടത്തെ നിർദ്ദിഷ്ട ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിക്കുവാൻ ഉദ്ദേശിച്ചിരുന്നു. എങ്കിൽ മാത്രമേ വലിയതോട് പുനരുദ്ധരിച്ച്

ഉപരിതലജലം കടലിലേക്ക് ഒഴുക്കിവിടുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ പ്രസ്തുത പ്ലാന്റിന്റെ പണി പൂർത്തീകരിച്ചതിനുശേഷമേ തോടിന്റെ പണികൾ ആരംഭിക്കേണ്ടതുള്ളൂ എന്ന് തീരുമാനിച്ചിരുന്നു. പക്ഷെ കേരള വാട്ടർ അതോറിറ്റി ഗുരുവായൂർ ഡ്രെയിനേജ് പദ്ധതി പൂർത്തീകരിക്കാതിരുന്നതും ഗുരുവായൂർ വലിയതോട്ടിൽ മാലിന്യങ്ങൾ ഉപരിതലത്തിൽ വന്നുചേർന്ന് ചക്കംകണ്ടം പ്രദേശത്തുവന്ന് അടിയുകയും ചെയ്തപ്പോൾ ജലവിഭവ വകുപ്പിന്റെ പ്രസ്തുത വലിയ തോട് പദ്ധതി നടപ്പിലാവാതെ വരികയും ചെയ്തു. വലിയ തോടിന്റെ പ്രസ്തുത പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുവേണ്ടി നിരക്കിൽ വരുന്ന വ്യതിയാനംമൂലം പലതവണ എസ്റ്റിമേറ്റ് പുതുക്കുകയും ഒടുവിൽ 2010-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം 300 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

**ഗുരുവായൂർ ഡ്രെയിനേജ് പദ്ധതി**

ഗുരുവായൂർ പട്ടണത്തിനുവേണ്ടി വിഭാവനം ചെയ്തതാണ് ഗുരുവായൂർ അഴുക്കുചാൽ പദ്ധതി. ഈ മേഖലയിലെ വീടുകൾ, ഹോട്ടലുകൾ, മറ്റ് സ്ഥാപനങ്ങളിൽനിന്ന് വമിക്കുന്ന വിസർജ്ജ്യമാലിന്യങ്ങൾ അടക്കമുള്ള ദ്രവമാലിന്യങ്ങൾ വിവിധ വ്യാസത്തിലുള്ള പി.വി.സി. പൈപ്പിലൂടെ ചക്കംകണ്ടത്തുള്ള മാലിന്യസംസ്കരണ പ്ലാന്റിൽ എത്തിച്ച് സംസ്കരിച്ച് വളമാക്കി മാറ്റി ഉപയോഗപ്പെടുത്തുക എന്നാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു:

(1) 3 ദശലക്ഷം ലിറ്റർ ശേഷിയുള്ള മാലിന്യസംസ്കരണ പ്ലാന്റ്.—ഇതിന്റെ നിർമ്മാണം പൂർത്തിയാക്കി. വൈദ്യുത കണക്ഷൻ ലഭിക്കാത്തതു കാരണം ട്രയൽ റൺ നടത്തിയിട്ടില്ല.

(2) അഴുക്കുചാലിനുവേണ്ടി പൈപ്പുകൾ സ്ഥാപിക്കലും മാൻഹോൾ നിർമ്മാണവും.— ഇതിന്റെ പണികൾ 70% പൂർത്തീകരിച്ചിട്ടുണ്ട്. ആകെയുള്ള 7350 മീറ്ററിൽ 5358 മീറ്റർ പൈപ്പ് ഇതിനകം സ്ഥാപിച്ചുകഴിഞ്ഞു. ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന 250 മീറ്റർ ഭാഗത്ത് നിർദ്ദിഷ്ട രീതിയിൽ പണിചെയ്യുവാൻ കഴിയാത്തതു നിമിത്തം ഹൊറിസോണ്ടൽ ഡയറക്ഷൻ ഡ്രില്ലിംഗ് രീതിയിൽ പൈപ്പ് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(3) മാലിന്യ സംഭരണ കിണറുകളുടെ അറ്റകുറ്റപ്പണികൾ:—ഇത് പൂർത്തീകരിച്ചു കഴിഞ്ഞു.

(4) മാലിന്യങ്ങൾ പമ്പിംഗ് ചെയ്യുന്നതിനുള്ള മോട്ടോർ പമ്പ്സെറ്റിന്റെ വിതരണവും സ്ഥാപിക്കലും.—വിതരണം പൂർത്തിയാക്കി, സ്ഥാപിക്കൽ നടന്നുവരുന്നു.

(5) <u>മാലിന്യസംസ്കരണ ശാലയിലേക്കും പമ്പിംഗ് സ്റ്റേഷനിലേക്കും വൈദ്യുതിലൈൻ നീട്ടി വൈദ്യുതി ലഭ്യമാക്കൽ</u>.—8.17 ലക്ഷം രൂപ OYEC ഇനത്തിൽ KSEB-യിൽ കെട്ടിവച്ചിട്ടുണ്ട്.

(6) <u>ഡീസൽ ജനറേറ്റർ വിതരണംചെയ്തു സ്ഥാപിക്കൽ</u>.—രണ്ട് പമ്പിംഗ് സ്റ്റേഷനിലേക്കുള്ള ജനറേറ്ററിന്റെ വിതരണവും സ്ഥാപിക്കലും പൂർത്തിയാക്കി. മറ്റൊന്നിന്റെ വിതരണം പൂർത്തിയായി. സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു.

(7) <u>അഴുക്കുചാൽ വൃത്തിയാക്കുന്നതിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കൽ</u>.—ഇത് പദ്ധതി പൂർത്തീകരിച്ചതിനു ശേഷമേ ആവശ്യമുള്ളൂ.

(8) <u>ഇന്റർകണക്ഷൻ ജോലികൾ</u>.—സ്വീവർ ലൈൻ സ്ഥാപിക്കൽ പൂർത്തിയായാൽ മാത്രമേ ഈ ജോലികൾ ചെയ്യുവാൻ കഴിയുകയുള്ളൂ.

(9) <u>മാൻഹോളുകളുടെ കമ്പ്യൂട്ടറൈസ്ഡ് മോണിറ്ററിംഗ്</u>.—ട്രയൽ റൺ പൂർത്തിയാക്കി.

ഈ പദ്ധതിക്കുവേണ്ടി 2 മീറ്റർ മുതൽ 4.30 മീറ്റർ വരെയുള്ള താഴ്ചയിലാണ് പൈപ്പുകൾ സ്ഥാപിക്കേണ്ടത്. പക്ഷെ ഗുരുവായൂർ പ്രദേശത്തെ ഭൂമിശാസ്ത്രപരമായ പ്രത്യേകത (തീരദേശം) കൊണ്ടും ഗുരുവായൂർ ക്ഷേത്രത്തിലെ വിവിധ ഉത്സവങ്ങൾ, ശബരിമല സീസൺ, തിരക്കനുഭവപ്പെടുന്ന മറ്റ് വിശേഷദിവസങ്ങൾ എന്നിവ ഒഴിവാക്കി പണികൾ നടത്തേണ്ടിവരുന്നതിനാൽ നിർദ്ദിഷ്ട സമയത്ത് പദ്ധതി കമ്മീഷൻ ചെയ്യുവാൻ സാധിച്ചിട്ടില്ല. 2016 മാർച്ച് മാസത്തോടെ പദ്ധതി പൂർത്തീകരിക്കുവാൻവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

(19-8-2015-ലെ സമിതിയോഗം മറുപടി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>(11) ഖണ്ഡിക 14-ലെ ശിപാർശ</u>

നഗരത്തിനകത്തെ ഓടകളിൽ കൂടിയാണ് മലിനജലം വലിയ തോട്ടിലെത്തുന്നത്. എന്നാൽ ഇപ്പോഴുള്ള കാനകൾ തികച്ചും അപര്യാപ്തമാണ്. ഉള്ളവയ്ക്കൊന്നുംതന്നെ സ്ലാബുകൾ ഇല്ല. മലിനീകരണം കൂടുതലുള്ള നഗരത്തിന്റെ ഉൾപ്രദേശങ്ങളിൽ കാനകൾ ഇല്ലെന്നുതന്നെ പറയാം. തുറന്ന ഓടകളിൽ വെള്ളം കെട്ടിക്കിടന്നും അതിൽ മാലിന്യങ്ങളും വിസർജ്ജ്യവസ്തുക്കൾ കലർന്നും ഉണ്ടാകുന്ന ദുർഗന്ധവും മലിനീകരണവും ക്ഷേത്രപരിസരങ്ങളിലെ റോഡുകളിലെ ദുഃസ്ഥിതിയാണ്. ഇതിനും പരിഹാരം കാണേണ്ടതുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയതായി ഓടകൾ നിർമ്മിച്ചും ഉള്ളവ സ്ലാബുകളിട്ട് മൂടിയും പാർശ്വഭിത്തി കെട്ടിയും സംരക്ഷിക്കാൻ നഗരസഭ ശ്രദ്ധിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62598/ഡിസി1/14/തസ്വഭവ. തീയതി 6-3-2015)

ഗുരുവായൂർ നഗരത്തിലൂടെ ഒഴുകുന്ന കനോലി കനാലിന്റെ പാർശ്വഭിത്തി കെട്ടിയും വൃത്തിയാക്കി ആഴം കൂട്ടിയും ജലം സുഗമമായി ഒഴുകിപോകുന്നത് നടപ്പിലാക്കാനുള്ള നടപടി കൈക്കൊള്ളേണ്ടത് ജലവിഭവ വകുപ്പാകയാൽ ശിപാർശ ടി വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നഗരത്തിലെ റോഡ്സൈഡിലുള്ള ഓടകൾ സ്ലാബിട്ട് മൂടുന്നതിനും പുതിയ ഓടകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാനുള്ള ബഹു. സമിതിയുടെ ശിപാർശ നഗരസഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ഓരോ വർഷവും ഇതിനായി സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനുള്ള പണികൾ നഗരസഭ ഏർപ്പെടുത്തിവരുന്നു.

(മറുപടി 30-9-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(12) ഖണ്ഡിക 17-ലെ ശിപാർശ

സ്വീവേജ് സംസ്കരണശാലയെക്കുറിച്ച് സ്ഥലവാസികൾക്കുള്ള ആശങ്കയാണ് ഇത് സ്ഥാപിക്കുന്നതിന് പ്രധാന തടസ്സമായി നിൽക്കുന്നതെന്ന് സമിതിക്ക് ബോദ്ധ്യമായി. ഈ പദ്ധതിക്ക് എതിരായ ജനവിഭാഗത്തെ ബോധവൽക്കരിക്കുകവഴി ഈ തടസ്സം തീർക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നും സംസ്കരണശാല വരുമ്പോൾ ആ പ്രദേശത്തെ കുടിവെള്ളമടക്കമുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ജലവിതരണ സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 20229/സി1/14/ജ.വി.വ. തീയതി 27-11-2014)

സംസ്കരണശാല സ്ഥാപിച്ച ചക്കംകണ്ടം (പഴയ തൈക്കാട് പഞ്ചായത്ത്, ഇപ്പോൾ ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽപ്പെട്ട പ്രദേശം) പ്രദേശത്ത് ശുദ്ധജലവിതരണം നടത്തുന്നതിന് ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഗുരുവായൂർ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി പ്രസ്തുത പ്രദേശത്ത് കൂടുതൽ ശുദ്ധജലം വിതരണം നടത്തുവാൻ സാധിക്കുന്നതാണ്.

(14-1-2015-ലെ സമിതിയോഗം മറുപടി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(13) ഖണ്ഡിക 18-ലെ ശിപാർശ

ഗുരുവായൂരിലെ മാലിന്യപ്രശ്നം പരിഹരിക്കപ്പെടാതെ നീണ്ടുപോകുന്നത് ഭയാനകമായ ആരോഗ്യപരിസ്ഥിതി പ്രശ്നങ്ങളിലേക്കാണ് നാടിനെ എത്തിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. ഗവൺമെന്റും മുനിസിപ്പാലിറ്റിയും ദേവസ്വം ഭരണസമിതിയും സഹകരിച്ച് ഗുരുവായൂർ ഡ്രെയിനേജ് പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ആവശ്യമായ നടപടി എത്രയും പെട്ടെന്ന് സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) ജലവിഭവ (ജലവിതരണ സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 20229/സി1/14/ജ.വി.വ. തീയതി 27-11-2014)

3 ദശലക്ഷം ലിറ്റർ ശേഷിയുള്ള ഗുരുവായൂർ അഴുക്കുചാൽ പദ്ധതിയുടെ പണികൾ പുരോഗതിയിലാണ്. മാലിന്യം ശേഖരിക്കുന്നതിനുള്ള കിണറുകൾ, സംസ്കരണശാല, കിണറിൽ നിന്നും സംസ്കരണശാലയിലേക്കുള്ള പമ്പിംഗ്, മെയിൻ യന്ത്രസാമഗ്രികൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൈപ്പ്‌ലൈനിന്റെ പണികൾ 70 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. മേൽപ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടുകൂടി മാലിന്യപ്രശ്നങ്ങൾക്ക് പരിഹാരമാകും. പദ്ധതി 2015 മാർച്ച് മാസത്തിൽ കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

(മറുപടി 14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**(ബി) തദ്ദേശസ്വയംഭരണ വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62598/ഡിസി1/14/തസ്വഭവ. തീയതി 6-3-2015)

ചക്കംകണ്ടത്ത് ആധുനിക രീതിയിലുള്ള ഒരു മലിനജല സംസ്കരണ പ്ലാന്റിന്റെ പണി കേരള വാട്ടർ അതോറിറ്റി പൂർത്തിയാക്കിയിട്ടുണ്ട്. നഗരത്തിലെ അഴുക്കുചാൽ നിർമ്മാണം കേരള വാട്ടർ അതോറിറ്റിവഴി നടത്തിവരുന്നു. ബഹു. സമിതിയുടെ ശിപാർശ പ്രകാരമുള്ള ഗുരുവായൂർ ഡ്രെയിനേജ് പദ്ധതിയുടെ പ്രവൃത്തികളാണ് ഇപ്പോൾ പൂർത്തിയാക്കി വരുന്നത്.

(മറുപടി 30-9-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (സി) റവന്യൂ (ദേവസ്വം) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 45578/ദേവ.2/2014/ആർഡി. തീയതി 16-9-2014)

കേരള സർക്കാരും ഗുരുവായൂർ നഗരസഭയും ദേവസ്വം ഭരണസമിതിയും സഹകരിച്ച് നടപ്പിൽ വരുത്തുന്ന ഗുരുവായൂർ ഡ്രെയിനേജ് പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിൽ ഡ്രെയിനേജ് പൈപ്പുകൾ സ്ഥാപിച്ചുനൽകിയമുറയ്ക്ക് ടാറിംഗ് പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി സ്ഥലങ്ങളിൽ പൈപ്പുകൾ സ്ഥാപിച്ചുനൽകുന്നമുറയ്ക്ക് ടാറിംഗ് പ്രവൃത്തികൾ ദേവസ്വം പൂർത്തിയാക്കുന്നതാണ്.

(19-11-2014-ലെ സമിതിയോഗം മറുപടി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### (14) ഖണ്ഡിക 19-ലെ ശിപാർശ

സാനിറ്റേഷൻ ജോലികളുടെ 50% ഗുരുവായൂർ ദേവസ്വം ഭരണസമിതി കൊടുക്കണമെന്നാണെന്നും എന്നാൽ അത് സംബന്ധിച്ച തർക്കം ഉള്ളതായും കോടതിയിൽ കേസായതുകൊണ്ട് ഇപ്പോൾ മുടങ്ങിക്കിടക്കുകയാണെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് സമിതിയിൽ വെളിപ്പെടുത്തി. ദേവസ്വത്തിന്റെ സഹായമില്ലാതെ സാനിറ്റേഷൻ പദ്ധതികൾ നടപ്പിൽ വരുത്തുവാൻ കഴിയുകയില്ലെന്നതിനാൽ എത്രയുംവേഗം കേസ് തീർപ്പുകൽപ്പിക്കണമെന്നും ദേവസ്വം ബോർഡ് നൽകേണ്ട വിഹിതം നൽകാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

## റവന്യൂ (ദേവസ്വം) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 45578/ദേവ.2/2014/ആർഡി. തീയതി 16-9-2014)

1965-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 333-ന്റെ അടിസ്ഥാനത്തിൽ ഗുരുവായൂർ ക്ഷേത്രത്തിൽ എത്തിച്ചേരുന്ന ഭക്തജനങ്ങൾക്കുവേണ്ടി നഗരസഭ പ്രത്യേകമായി ചെയ്തുകൊടുക്കുന്ന സൗകര്യങ്ങളുടെ ചെലവിന്റെ 50% ദേവസ്വം വഹിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭ പ്രത്യേകം ഏർപ്പെടുത്തിയിരുന്ന സൗകര്യങ്ങളുടെ ചെലവുവിവരം ദേവസ്വത്തെ അറിയിക്കുകയും 1984-85 കാലഘട്ടം വരെ 50% സംഖ്യ ദേവസ്വം അടവാക്കുകയും ചെയ്തിരുന്നു. എന്നാൽ അതിനുശേഷം പ്രത്യേക സൗകര്യങ്ങൾ ഏതെല്ലാം എന്നു വേർതിരിച്ചുകാണിക്കാതെ നഗരസഭയുടെ മുഴുവൻ ശുചീകരണ പ്രവൃത്തി

ചെലവുകളുടെയും (ജീവനക്കാരുടെ ശമ്പളം, പെൻഷൻ ആനുകൂല്യങ്ങൾ, ലീവ് സറണ്ടർ, ട്രാക്ടർ പ്രവർത്തിപ്പിക്കുന്നതിന്റെ ഡീസൽ ചെലവ് അടക്കം) ആവശ്യപ്പെടുകയും ആയത് ദേവസ്വം നിരസിക്കുകയും ചെയ്യുകയുണ്ടായി. ഇതിനെ തുടർന്നുണ്ടായ കോടതിവിധിയുടെ അടിസ്ഥാനത്തിൽ നഗരസഭ മുമ്പാകെ ദേവസ്വം അപ്പീൽ സമർപ്പിച്ചിരുന്നുവെങ്കിലും നഗരസഭ ആയത് പരിഗണിക്കുകയുണ്ടായില്ല. തുടർന്ന് ദേവസ്വം വീണ്ടും ബഹു. ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. എന്നാൽ 1965-ലെ സർക്കാർ ഉത്തരവ് നിലവിൽ ഉള്ളതിനാൽ ദേവസ്വത്തിന് മേൽകാര്യത്തിൽ ബാധ്യത ഉണ്ടെന്നാണ് ബഹു. ഹൈക്കോടതി 3-7-2014-ന് ഉത്തരവായിട്ടുള്ളത്. പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കുന്നതിന് ദേവസ്വം സർക്കാരിനെ സമീപിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്.

29.66 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഗുരുവായൂർ നഗരസഭയുടെ വാർഡ് 18-ൽ 0.109 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിലാണ് ക്ഷേത്രവും ക്ഷേത്രപരിസരവും സ്ഥിതി ചെയ്യുന്നത്. ക്ഷേത്രത്തിൽ വരുന്ന ഭക്തജനങ്ങൾ പ്രസ്തുത 0.109 ചതുരശ്ര കിലോമീറ്റർ സ്ഥലം മാത്രമാണ് ഉപയോഗിക്കുന്നത്. പ്രസ്തുത സ്ഥലത്തെ മുഴുവൻ ശുചീകരണ പ്രവൃത്തികളും കോടിക്കണക്കിന് രൂപ ചെലവഴിച്ച് ദേവസ്വംതന്നെ സ്വന്തം ചെലവിൽ സ്വന്തം ജീവനക്കാരെ നിയോഗിച്ചാണ് ചെയ്തുവരുന്നത്. നഗരസഭ ഇവിടെ ജീവനക്കാരെ നിയോഗിക്കുകയോ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്യുന്നില്ല. ഇക്കാര്യത്തിൽ നഗരസഭയ്ക്ക് യാതൊരു ചെലവും ഉണ്ടാകുന്നുമില്ല.

ക്ഷേത്രത്തിലെത്തുന്നവരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് 3 പ്രധാന പാർക്കിംഗ് ഗ്രൗണ്ടുകളാണ് നിലവിലുള്ളത്. ഇതിൽ 2 എണ്ണം ദേവസ്വം വകയും ഒരെണ്ണം നഗരസഭ വകയുമാണ്. ദേവസ്വം വക പാർക്കിംഗ് ഗ്രൗണ്ടുകൾ ദേവസ്വം നേരിട്ട് ശുചീകരണം നടത്തിവരുന്നു. നഗരസഭ വക പാർക്കിംഗ് ഗ്രൗണ്ടിൽ പാർക്കിംഗ് ഫീസ് ചുമത്തുന്നുണ്ട്. മാത്രമല്ല ടി ഗ്രൗണ്ടിന്റെ ഒരു ഭാഗം ടാക്സി സ്റ്റാന്റായും ഓട്ടോ സ്റ്റാന്റായും പ്രവർത്തിക്കുന്നുമുണ്ട്. ആകയാൽ ഇതിനെ സെക്ഷൻ 333 പ്രകാരമുള്ള പ്രത്യേക സൗകര്യമായി കണക്കാക്കാൻ കഴിയില്ല. മാത്രമല്ല പാർക്കിംഗിനായി നഗരസഭ ഫീസ് ഈടാക്കുന്നുമുണ്ട്. ക്ഷേത്രത്തിൽ ഏറ്റവും കൂടുതൽ ഭക്തജനങ്ങൾ എത്തിച്ചേരുന്ന ഗുരുവായൂർ ഏകാദശി ദിവസവും ഇതിനോടനുബന്ധിച്ച 6 ദിവസങ്ങളിലും ടി പാർക്കിംഗ് ഗ്രൗണ്ട് കാർണിവൽ നടത്തുന്നതിനും ഗുരുവായൂർ ഉത്സവദിനങ്ങളിൽ പുഷ്പ-സസ്യ പ്രദർശനം നടത്തുന്നതിനുമാണ് നഗരസഭ നൽകിവരുന്നത്. ഇതിന് പതിനായിരക്കണക്കിന് രൂപ വാടക വസൂലാക്കി വരുന്നുമുണ്ട്.

ക്ഷേത്രത്തിലേക്ക് വരുന്ന ഭക്തജനങ്ങൾ ദേവസ്വം ശുചീകരണ പ്രവൃത്തി നടത്തിവരുന്ന ക്ഷേത്ര പരിസരത്തെ സ്ഥലം മാത്രമാണ് ഉപയോഗിച്ചുവരുന്നത്. ഭക്തജനങ്ങൾ എത്തിച്ചേരുന്നതുമൂലം നഗരസഭയുടെ മറ്റ് സ്ഥലങ്ങളിൽ യാതൊരുവിധ മാലിന്യപ്രശ്നവും ഉണ്ടാകുന്നില്ല.

ക്ഷേത്ര നഗരിയിലെ ലോഡ്ജുകൾ, ഹോട്ടലുകൾ, കല്യാണമണ്ഡപങ്ങൾ, കച്ചവടസ്ഥാപനങ്ങൾ, പച്ചക്കറി സ്റ്റാളുകൾ, ഫ്ലാറ്റുകൾ, വീടുകൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ നഗരസഭയുടെ ട്രാക്ടറിൽ നീക്കം ചെയ്യുകയും ആയതിന് പ്രസ്തുത സ്ഥാപനങ്ങളിൽനിന്ന് നികുതിയും മറ്റ് രീതിയിലുള്ള തുകയും നഗരസഭ ഈടാക്കി വരുന്നുണ്ട്. മാത്രമല്ല ഇത്തരം ശുചീകരണ പ്രവൃത്തികൾ ഭക്തജനങ്ങൾക്കുവേണ്ടി സെക്ഷൻ 333 പ്രകാരമുള്ള പ്രത്യേക സൗകര്യങ്ങളിൽ യാതൊരു കാരണവശാലും ഉൾപ്പെടുന്നതല്ല.

എന്നാൽ മേൽയാഥാർത്ഥ്യങ്ങൾക്ക് ഉപരിയായി ഗുരുവായൂർ നഗരസഭയിൽ നടത്തുന്ന മുഴുവൻ ശുചീകരണ പ്രവൃത്തി ചെലവിന്റെയും നഗരസഭ ജീവനക്കാരുടെ ശമ്പളം, പെൻഷൻ കോൺട്രിബ്യൂഷൻ, ലീവ് സറണ്ടർ അടക്കമുള്ള ചെലവുകളുടെയും 50% തുക ക്ഷേത്രത്തിന്റെ വരവിൽനിന്ന് ആവശ്യപ്പെടുന്നതിന് എതിരെ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ തടസ്സവാദം ഉള്ളതുമാണ്. കൂടാതെ ദേവസ്വം ആക്റ്റ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ചെലവുകൾക്കല്ലാതെ ദേവസ്വം ഫണ്ട് ഉപയോഗിക്കാൻ പാടില്ല എന്ന ബഹു. കൃഷ്ണനുണ്ണി കമ്മീഷൻ റിപ്പോർട്ടിന്റെയും മറ്റും അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതി തന്നെ ഉത്തരവായിട്ടുള്ളതാണ്. ഗുരുവായൂർ നഗരസഭ നഗരസഭയിലെ പൊതുജനങ്ങൾക്കും മറ്റും നൽകിവരുന്ന സേവനപ്രവർത്തനങ്ങളുടെ ചെലവിന് ഗുരുവായൂർ ക്ഷേത്രത്തിന്റെ ഫണ്ടിൽനിന്ന് പണം നൽകേണ്ട ബാധ്യത ദേവസ്വത്തിന് യാതൊരു നിലയിലും ഇല്ലാത്തതിനാൽ ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് ദേവസ്വം തീരുമാനിച്ചിട്ടുണ്ട്.

(19-11-2014-ലെ സമിതിയോഗം മറുപടി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### (15) ഖണ്ഡിക 20-ലെ ശിപാർശ

ഗുരുവായൂർ ഒരു ക്ഷേത്ര നഗരമാണ്. കോടിക്കണക്കിന് ജനങ്ങൾ സംസ്ഥാനത്തിനകത്തുനിന്നും പുറത്തുനിന്നും എത്തുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു തീർത്ഥാടനകേന്ദ്രമായ ഇവിടെ എത്തുന്ന ആളുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ട ചുമതല ഗുരുവായൂർ ദേവസ്വം ഭരണസമിതിക്കും സംസ്ഥാന സർക്കാരിനും ഉണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ ഇവിടെ എത്തുന്ന ഭക്തജനങ്ങൾക്ക് ആവശ്യമുള്ള എല്ലാവിധ സൗകര്യങ്ങളും കുറ്റമറ്റരീതിയിൽ ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ (ദേവസ്വം) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 45578/ദേവ.2/2014/ ആർഡി. തീയതി 16-9-2014)

ഗുരുവായൂർ ക്ഷേത്രത്തിൽ എത്തിച്ചേരുന്ന തീർത്ഥാടകരുടെ ക്ഷേമത്തിനായി ഗുരുവായൂർ ദേവസ്വം നിലവിൽ ഏർപ്പെടുത്തിയ സൗകര്യങ്ങൾക്കു പുറമെ എല്ലാ സൗകര്യങ്ങളും ഏർപ്പാട് ചെയ്യുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നുണ്ട്.

(മറുപടി 19-11-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.